(ഇ) പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ ആലപ്പുഴ നിലയത്തിനും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിലവിൽ ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(എഫ്)പുതിയ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിച്ചു വരുന്നു.

മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

212 (1917) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി DSR 2013 പ്രകാരം 2 കോടി നാൽപ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരികയാണ്.

കരുനാഗപ്പള്ളി ഫയർ ഫോഴ്സ് സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ

213 (1918) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി ഫയർഫോഴ്സ് സ്റ്റേഷനിൽ ആവശ്യത്തിന് ഉപകരണങ്ങളോ ഓഫീസ് സൗകര്യങ്ങളോ ജീവനക്കാരോ വാഹനങ്ങളോ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

1. ഉപകരണങ്ങൾ :

കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിൽ നിലവിൽ ഹൈഡ്രോളിക് കട്ടർ, ആസ്സാലൈറ്റ് ഫ്ലോട്ട് പമ്പ്, ചെയിൻസാ യമഹ, ഡിങ്കി എന്നീ അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടെ ജീവൻരക്ഷാ ഉപകരണങ്ങൾ നിലവിൽ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly